**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **03-03-2023 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവ കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | മൃതസഞ്ജീവനി പദ്ധതി നിലവിൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ട്. പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ രംഗത്തെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കെ-സോട്ടോ ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ മസ്തിഷ്ക മരണം സ്ഥിരീകരണം ആശുപത്രികളിൽ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി കൂടുതൽ ഡോക്ടർമാരെ എംപാനൽ ചെയ്തു വരുന്നു. ഇതുകൂടാതെ എല്ലാ ജില്ലകളിലും കുറഞ്ഞത് രണ്ടു വീതം ആശുപത്രികളെ നോൺ ട്രാൻസ്പ്ലാന്റ് ഓർഗൻ റിട്രൈവൽ സെന്ററുകളായി തിരഞ്ഞെടുത്ത് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജനങ്ങളുടെ ഇടയിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |
| (ബി) | കേരളത്തിലെ എൺപത് ശതമാനം അവയവമാറ്റ ശസ്ത്രക്രിയകളും വൻകിട സ്വകാര്യ ആശുപത്രികളിലാണോ നടക്കുന്നത്; എങ്കിൽ സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ അപ്രാപ്യമാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **2022 ൽ, ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനം വഴി 1023 വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും 69 വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും നടന്നിട്ടുണ്ട്. ഇതേ വർഷം 327 കരൾമാറ്റ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും 4 കരൾമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും നടന്നിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണാനന്തര അവയവദാനം വഴി 14 അവയവമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും 39 അവയവമാറ്റ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും നടന്നിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **സർക്കാർ മേഖലയിൽ നിലവിൽ തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ കരൾ, വൃക്ക, ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇത് കൂടാതെ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ സൗകര്യവുമുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തി അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ സാധാരണക്കാർക്ക് അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നതിനായി സർക്കാർ മേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |
| (സി) | സാധാരണക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സർക്കാർ, പൊതുമേഖല ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സംവിധാനം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേകം ഗ്രാന്റ് നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | **കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.** |
| (ഡി) | ഇല്ലെങ്കിൽ പൊതുമേഖലയിലെ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്ര സർക്കാർ ഗ്രാന്റ് നേടിയെടുക്കുന്നതിന് നാളിതുവരെ അപേക്ഷ നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | **കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ